2. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി 22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2492.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3. സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 335.31 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എലത്തൂർ മത്സ്യഗ്രാമത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 216.55 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കടിവെള്ള പദ്ധതി	-	163.00 ലക്ഷം രൂപ
വൈദ്യുതീകരണം	-	39.55 ലക്ഷം രൂപ
ഹൈമാസ്റ്റ് ലൈറ്റ് (2 എണ്ണം)	-	14.00 ലക്ഷം രൂപ

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 9.20 ലക്ഷം രൂപയുടെ ഡ്രെയിനേജ് പുതിയാപ്പ കോളനിയിൽ നിർമ്മിച്ച് നൽകുന്നു. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ 5 ഗുണഭോക്താക്കൾക്കും എലത്തൂർ മത്സ്യഗ്രാമത്തിൽ 36 ഗുണഭോക്താക്കൾക്കും ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു. കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ ഒരു ഗുണഭോക്താവിന് ഏകദേശം 1.25 ലക്ഷം രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

121 (126) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് മാർക്കറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷനു കീഴിൽ ഫിഷ് മാളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വാണിജ്യാടിസ്ഥാനത്തിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണ രംഗത്തേയ്ക്ക് കടന്നിരിക്കുന്നു. സംസ്ഥാന സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന " ഫിഷ് മെയ്ഡ് " എന്ന ബ്രാൻഡിൽ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം ഫിഷ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ആദ്യ ഔട്ട്ലെറ്റിന്റെ പ്രവർത്തനം കൊച്ചിയിൽ ആരംഭിച്ചു. ഇതോടൊപ്പം തന്നെ ശുചിത്വമായ അന്തരീക്ഷത്തിൽ സോളാർ ഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്കമത്സ്യ ഉൽപ്പന്നങ്ങൾ " ഡ്രിഷ് കേരള" എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. കൂടാതെ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി പ്രോസസിംഗ് സെന്ററുകളും അലങ്കാര മത്സ്യങ്ങൾ, ഉണക്ക മത്സ്യഉൽപ്പന്നങ്ങൾ, മത്സ്യകൃഷി അനുബന്ധ സാമഗ്രികൾ എന്നിവയുടെ വിപണനശാലകൾ, മത്സ്യഉൽപ്പന്നങ്ങളുടെ ഭക്ഷണശാല എന്നിവ ഉൾപ്പെടുന്ന ഫിഷ് മാളുകളും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ " ഫിഷ് മെയ്ഡ്" എന്ന ബ്രാൻഡിൽ മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നു. ഫിഷ് റോൾ, ഷ്രിംമ്പ് റോൾ, ഫിഷ് ലോലി പോപ്, ക്രിസ്പി ക്രസന്റ്, കോഫ്ത ബാൾ, സിലാഗോ സ്റ്റയർ, ട്യൂണ ബർഗർ, ഫിഷ് സ്റ്റഫ്ഡ് ഇൻ എഗ്ഗ്, ക്രാബ് സൂപ്പ്, ഷ്രിംമ്പ് സൂപ്പ്, ബ്രഡഡ് ഫിഷ് ഫിംഗർ, ഫിഷ് നഗറ്റ്സ്, ബ്രഡഡ് ബട്ടർഫ്ളൈ ഷ്രിംമ്പ്, ബ്രഡഡ് പോപ്കോൺ ഷ്രിംമ്പ്, ബ്രഡഡ് സ്റ്റീഡ് റിംഗ്സ്, സ്റ്റഫ്ഡ് സ്റ്റീഡ്, ട്യൂണ പാസ്ത സാലഡ് എന്നീ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളാണ് വിപണിയിൽ ലഭ്യമാകുന്നത്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അലങ്കാര മത്സ്യങ്ങൾ, ഉണക്ക മത്സ്യഉൽപ്പന്നങ്ങൾ, മത്സ്യകൃഷി അനുബന്ധ സാമഗ്രികൾ എന്നിവയുടെ വിപണനശാലകൾ, മത്സ്യഉൽപ്പന്നങ്ങളുടെ ഭക്ഷണശാല എന്നിവ ഉൾപ്പെടുന്ന ഫിഷ് മാളുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഫിഷ് മാൾ സ്ഥാപിക്കുന്നതിനായുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly